**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5244** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഇന്ധന വിലവർദ്ധനവും കോവിഡും കെ.എസ്.ആർ.ടി.സി. യ്ക്കുണ്ടാക്കിയ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇന്ധന വിലവർദ്ധനവും കോവിഡ് മൂലമുള്ള ലോക്ഡൗണും തുടർന്നുള്ള നിയന്ത്രിതരീതിയിലുള്ള സർവ്വീസും മുഖേന കെ.എസ്.ആർ.ടി.സി. യ്ക്ക് ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോവിഡ് രോഗ വ്യാപനത്തിന്റെ ആദ്യ ഘട്ടത്തിലും, രണ്ടാം ഘട്ടത്തിലുമായി ഏർപ്പെടുത്തിയ ലോക്ക്ഡൗണുകളും, ലോക്ക്ഡൗണിനു ശേഷം ആരംഭിച്ച നിയന്ത്രിത രീതിയിലുള്ള സർവ്വീസുകളും കാരണം കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനത്തിൽ വലിയ ഇടിവ് സംഭവിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിക്ക് മുമ്പുള്ള കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം ശരാശരി 6.50 കോടി രൂപയും, പ്രതിമാസ വരുമാനം ശരാശരി 190 കോടി രൂപയുമായിരുന്നത്, കഴിഞ്ഞ ഒരു വർഷമായി ടി വരുമാനത്തിന്റെ നാലിൽ ഒന്നായി ചുരുങ്ങിയിട്ടുണ്ട്. കോവിഡ് കാലയളവിന് മുൻപ് ലഭിച്ച പ്രതിമാസ ശരാശരി വരുമാനം അടിസ്ഥാനമാക്കി 2020 ഒക്ടോബർ മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെയുള്ള ഒരു വർഷക്കാലത്തെ ആകെ വരുമാന നഷ്ടം 1414.15 കോടി രൂപയാണ്. 2020 ഒക്ടോബറിൽ ഡീസലിന് ശരാശരി ലിറ്ററിന് 68.96 രൂപയായിരുന്നു. അപ്പോഴത്തെ ശരാശരി പ്രതിദിന ഉപഭോഗം 118 KL ആണ്. എന്നാൽ ഇപ്പോൾ ഒക്ടോബർ 2021-ലെ കണക്കനുസരിച്ച് പ്രതിദിനം ലിറ്ററിന് ശരാശരി 104.96 രൂപ വിലയാണ്. എന്നാൽ നിലവിലെ ശരാശരി പ്രതിദിന ഉപഭോഗം 231 KL ആണ്. ആയതിനാൽ 2020 ഒക്ടോബർ-ലെ വിലയുമായി താരതമ്യം ചെയ്താൽ ലിറ്ററിന് 36 രൂപയോളം കൂടുതൽ നൽകേണ്ടി വരുന്നു. |
| (ബി) | ഇന്ധന വിലക്കയറ്റം കെ.എസ്.ആർ.ടി.സി. യുടെ അടിത്തറ ഇളക്കുന്ന സാഹചര്യത്തിൽ ഇലക്ട്രിക് ബസുകളോ മറ്റോ പരീക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരള സർക്കാർ ആവിഷ്കരിച്ച് ഇ.വി പോളിസിയുടെ ഭാഗമായി 2018-ൽ 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ്ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 2 ബസ്സുകൾ കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡ്-ന് സർവ്വീസ് നടത്തുന്നതിനായി വിട്ട് നൽകിയിട്ടുള്ളതും, ശേഷിക്കുന്ന 8 ബസ്സുകൾ കോർപ്പറേഷന്റെ പക്കലും ലഭ്യമാണ്. കേരള സർക്കാരിന്റെ 2020-2021 |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റിൽ 3000 ഡീസൽ ബസ്സുകൾ ഘട്ടംഘട്ടമായി സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടിയായി ആദ്യ ഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ച് 2 ഡീസൽ ബസ്സുകൾ proof of concept (POC) ആയി LNG-യിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. KIIFB ഫണ്ട് ഉപയോഗിച്ച് 310 CNG ബസ്സുകൾ വാങ്ങുന്നതിനും, 50 electric ബസ്സുകൾ വാങ്ങുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ